# പ്രാദേശിക സിവിൽ സർവ്വീസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ പ്രസക്തി

KERALA ADMINISTRATIVE SERVICE - KAS

**സിവിൽ സർവ്വീസിനോടൊപ്പം തന്നെ പഴക്കമുള്ള ഒരു ആശയമാണ് പ്രാദേശിക സിവിൽ സർവ്വീസ് പ്രാദേശിക ഭരണകൂടങ്ങൾക്ക് ആവശ്യമായ ഭരണ നിർവ്വഹണ ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായും, ശാസ്ത്രീയമായും നടപ്പിലാക്കുന്നതിനായിട്ടാണ് പ്രാദേശിക ഭരണകൂടങ്ങൾ ഇത്തരം സിവിൽ സർവ്വീസ് രൂപീകരിക്കുന്നത്.**





ഡോ. എം. ആർ. ബിജു
ഡീൻ, സാമൂഹിക ശാസ്ത്ര വിഭാഗം & വകുപ്പ് മേധാവി, പൊതുഭരണ പഠന വിഭാഗം
കേന്ദ്ര സർവ്വകലാശാല, കാസർകോഡ്

സിവിൽ സർവ്വീസിനോടൊപ്പം തന്നെ പഴക്കമുള്ള ഒരു ആശയമാണ് പ്രാദേശിക സിവിൽ സർവ്വീസ് പ്രാദേശിക ഭരണകൂടങ്ങൾക്ക് ആവശ്യമായ ഭരണ നിർവ്വഹണ ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായും, ശാസ്ത്രീയമായും നടപ്പിലാക്കുന്നതിനായിട്ടാണ് പ്രാദേശിക ഭരണകൂടങ്ങൾ ഇത്തരം സിവിൽ സർവ്വീസ് രൂപീകരിക്കുന്നത്. ഒരു ഭരണ സംവിധാനമാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്. തികച്ചും നിഷ്പക്ഷമായ രീതിയിൽ ഇതിനുള്ള തിരഞ്ഞെടുപ്പുകൾ നടത്തുകയും കാര്യക്ഷമതയും; സാമൂഹിക പ്രതിബദ്ധതയും മുഖ്യമാനദണ്ഡമായി കണക്കാക്കി തികച്ചും ശാസ്ത്രീയമായ രീതിയിലായിരിക്കണം. ഇത്തരമൊരു സർവ്വീസിലേക്കുള്ള നിയമനം ഉറപ്പാക്കേണ്ടത്. പാശ്ചാത്യ ലോകത്ത് മുഖ്യധാര സിവിൽ സർവ്വീസിനോടൊപ്പം തന്നെ പ്രാധാന്യത്തോടെ, പ്രാദേശിക സിവിൽ സർവ്വീസിനേയും അവർ അതാത് കാലാകാലങ്ങളിൽ രൂപീകരിച്ചിരുന്നു. ദേശീയ ആവശ്യങ്ങൾക്കും, കാലാനുസൃതമായ മാറ്റങ്ങൾക്കും അനുയോജ്യമായ സിവിൽ സർവ്വീസ് ദേശീയ തലത്തിൽ രൂപീകരിക്കുമ്പോൾ, പ്രാദേശികമായ ആവശ്യങ്ങൾക്കും, താൽപര്യങ്ങൾക്കും ഊന്നൽ നൽകിയാണ്. പ്രാദേശിക സിവിൽ സർവ്വീസിന് രൂപം നൽകിയിരിക്കുന്നത് എന്ന വ്യത്യാസം പ്രത്യേകം സ്മരണീയമാണ്.

ഭാരതത്തിന്റെ ചരിത്രം പരിശോധിച്ചാൽ 1919 ൽ നിലവിൽ വന്ന ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് (മൊണ്ടേഗു ചെംസ് ഫോർഡ് പരിഷ്ക്കാരം എന്ന പേരിൽ അറിയപ്പെടുന്ന നിയമത്തിലൂടെ അന്നത്തെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഭരണത്തിൽ ഇന്ത്യക്കാരുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു. ബ്രിട്ടീഷ് ഭരണ കാലഘട്ടത്തിൽ, ബ്രിട്ടനിൽ നിലനിന്നിരുന്ന സിവിൽ സർവ്വീസ് അനുയോജ്യമായതും, എന്നാൽ ഭാരതത്തിന്റെ പ്രാദേശിക താൽപര്യങ്ങൾക്ക് അനുസൃതവുമായ ഒരു സിവിൽ സർവ്വീസ് എന്ന ആഗ്രഹത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു, പ്രസ്തുത നിയമനിർമ്മാണം. ഈ നിയമം നിലവിൽ വന്ന് അഞ്ച് വർഷം കഴിഞ്ഞ് 1924 ൽ ലീ പ്രഭുവിന്റെ നേതൃത്വത്തിൽ ലീ കമ്മീഷൻ രൂപം കൊണ്ടു. അടുത്ത ഒരു പ്രധാനപ്പെട്ട ഘട്ടം ആരംഭിക്കുന്നത് 1935 ൽ പാസാക്കപ്പെട്ട ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ ഭാഗമായി, ദേശീയ തല സിവിൽ സർവ്വീസ് എന്ന ആശയത്തിനും നിയമപരവും സാങ്കേതികപരവുമായ ഒരു അംഗീകാരം ബ്രിട്ടീഷ് ഭരണകൂടം നൽകി. ഇതിന്റെ തുടർച്ചയായി, സ്വാതന്ത്ര്യനന്തര ഭാരതത്തിൽ സിവിൽ സർവ്വീസ് എന്ന ആശയത്തിന് വളരെ വലിയ മുൻഗണന ഭരണഘടന നിർമ്മാണ വേളയിൽ നൽകപ്പെട്ടു. തൽഫലമായി ഭാരത ഭരണഘടനയുടെ 315 മുതൽ 323 വരെയുള്ള അനുഛേദങ്ങളിൽ സവിസ്തരം ഇതേക്കുറിച്ച് പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലൊരു ആഗോള, ദേശീയ പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, കേരളത്തിൽ പുതുതായി രൂപീകരിച്ചിരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വൈവിദ്ധ്യമാർന്ന കാര്യങ്ങളിലേക്കുള്ള ഒരു അന്വേഷണത്തിനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്. മുകളിൽ സൂചിപ്പിച്ചതുപോലെ, സ്വാതന്ത്ര്യ സമ്പാദനത്തെ തുടർന്ന് ദേശീയ തലത്തിൽ ഭാരതം സിവിൽ സർവ്വീസ് രൂപീകരിച്ച് തുടങ്ങിയപ്പോൾ തന്നെ, പ്രാദേശിക സിവിൽ സർവ്വീസിന്റെ ആവശ്യകതയും ഏറെക്കുറെ പുതുതായി രൂപീകൃതമായ സംസ്ഥാന ഗവൺമെന്റുകൾ മനസ്സിലാക്കി. ഇതിന്റെ പ്രതിഫലനമെന്നോണം, 1960 കളിൽ തന്നെ ഭാരതത്തിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാനതല സിവിൽ സർവ്വീസ് രൂപീകരിക്കപ്പെട്ടു. ഒരു പ്രദേശത്തിന്റേയും വ്യത്യസ്ഥമായ ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും അനുസൃതമായി, പ്രസ്തുത പ്രദേശങ്ങളിൽ നിന്നും ലഭ്യമായ ഏറ്റവും പ്രഗൽഭരായ യുവജനങ്ങളെ നിഷ്പക്ഷമായ രീതിയിൽ തിരഞ്ഞെടുത്ത് ഭരണത്തിനു മുതൽക്കൂട്ടാക്കാൻ അവർക്ക് സാധിച്ചു. കേന്ദ്ര തലത്തിൽ നിന്ന് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കുന്നതിനു സമാനമായി തന്നെ പ്രാദേശികമായ തലത്തിൽ കൂടി അത്തരമൊരു വിന്യാസം സാധ്യമാക്കാൻ ഇതുവഴി കഴിഞ്ഞു. കാലക്രമേണ ഇത്തരം ഉദ്യോഗസ്ഥൻമാരെ ദേശീയതലത്തിലെ നിയമനങ്ങൾക്കും പ്രാപ്യരാക്കാനും പ്രാദേശിക സിവിൽ സർവ്വീസിലൂടെ സാധിച്ചു. ഇതുമൂലം തങ്ങളുടെ സംസ്ഥാനത്തോട് കൂടുതൽ താല്പര്യവും അർപ്പണവുമുള്ള ഒരു പുതിയ ഉദ്യോഗസ്ഥ വൃന്ദത്തെ വാർത്തെടുക്കുവാൻ കേരളമൊഴികെയുള്ള മറ്റ് സംസ്ഥാനങ്ങൾക്ക് സാധിച്ചു. എന്നാൽ കേരളത്തിൽ ഇത്തരത്തിലുള്ള ഒരു മുന്നേറ്റത്തിന് 2018 വരെ സാധിച്ചില്ല. തികച്ചും വലിയ ഒരു നഷ്ടത്തിന്റെ കഥയാണ് അല്ലെങ്കിൽ ചിത്രമാണ്. ഇതിലൂടെ തീർച്ചയായും അനാവരണം ചെയ്യ